**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5461** **21-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര മേഖലയിൽ സ്ഥിരത കൈവരിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാൽ സംഭരണ വിതരണ വിപണന രംഗത്ത് സ്ഥിരത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ മലപ്പുറത്ത് ആരംഭിക്കാൻ തീരുമാനിച്ച പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ്; ഇതിന്റെ ഭാഗമായി പാൽപ്പൊടിയിൽ നിന്നും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംവിധാനം ആരംഭിക്കുന്നുണ്ടോ; എന്തൊക്കെയാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പാൽ സംഭരണ വിതരണ വിപണന രംഗത്ത് സ്ഥിരത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ മലപ്പുറത്ത് ആരംഭിച്ച പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആയത് പ്രകാരം പാൽപ്പൊടി നിർമ്മാണശാലയ്ക്ക് ആവശ്യമായ യന്ത്രസാമഗ്രികളുടെ വിതരണം ടെടാപ്പാക്ക് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കരാർ നൽകിയ പ്രകാരം അവയുടെ രൂപകല്പനയും ഫാബ്രിക്കേഷൻ ജോലികളും പുരോഗമിച്ച് വരികയാണ്. യന്ത്രസാമഗ്രികളുടെ വിതരണം 2022 ജൂൺ മാസത്തോടെ ആരംഭിച്ചു. ഇതിന് അനുസൃതമായി പാൽപ്പൊടി നിർമ്മാണ ശാലയുടെ സിവിൽ ജോലികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടത് മുന്നിൽ കണ്ട് ടെണ്ടർ ക്ഷണിച്ചത് പ്രകാരം 14.34 കോടി രൂപയ്ക്ക് മാസ്സ് ഗ്ലോബൽ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് സിവിൽ ജോലികളുടെ കരാർ നൽകിയിട്ടുണ്ട്. 2023 ജൂൺ മാസത്തോടെ ഈ പദ്ധതി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>പാൽപ്പൊടി ഉല്പാദനത്തോടൊപ്പം മൂല്യവർദ്ധിത ഉല്പന്നങ്ങളായ ഡയറി വൈറ്റ്നർ, ഇൻഫന്റ് മിൽക്ക് പൗഡർ തുടങ്ങിയ ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുന്നതിന് പദ്ധതികളുണ്ട്. |
| (ബി) | ക്ഷീര കർഷകർക്ക് ഒരു താങ്ങായി തീരുക എന്ന ലക്ഷ്യവുമായി ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ക്ഷീരശ്രീ സംയുക്ത ബാധ്യത ഗ്രൂപ്പ് രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെ സേവനങ്ങളാണ് ക്ഷീര കർഷകർക്ക് ലഭ്യമാകുക; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പരിഗണനയിലുണ്ട്, നാല് മുതൽ പത്ത് വരെ അംഗങ്ങളുള്ള ചെറിയ ഗ്രൂപ്പുകളായിട്ടാണ് ക്ഷീരശ്രീ സംയുക്ത ബാധ്യതാ ഗ്രൂപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. സമാനചിന്താഗതികളുള്ള ക്ഷീരകർഷകരെ ഒരുമിച്ച് ചേർത്ത് അംഗങ്ങളുടെ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനും സാമൂഹിക |

| | | | |
|---|---|---|---|
| | | | പ്രതിബന്ധത വളർത്തിയെടുക്കുന്നതിനും ലക്ഷ്യമിടുന്നു.<br><br>തരിശുഭൂമിയിൽ പുൽകൃഷി ചെയ്ത് ആവശ്യക്കാർക്ക് തീറ്റപ്പുല്ല് വിൽപന നടത്തുക, സൈലേജ്, ടോട്ടൽ മിക്സഡ് റേഷൻ, ചാണക സംസ്കരണം, യന്ത്രവത്കൃത കറവ യൂണിറ്റുകൾ തുടങ്ങി ഈ മേഖലയുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളും ഇത്തരം ഗ്രൂപ്പുകൾക്ക് ഏറ്റെടുത്തു നടത്താവുന്നതാണ്. |
| (സി) | വ്യാവസായിക അടിസ്ഥാനത്തിൽ ഡയറി ഫാം നടത്തുന്ന ക്ഷീര കർഷകർക്ക് ധനസഹായം നൽകുന്നതിനായി പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; ആധുനിക ഡയറി ഫാമുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകാമോ? | (സി) | മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ കീഴിൽ ഇൻഫ്രാസ്ട്രക്ചർ ആന്റ് ആട്ടോമേഷൻ ഓഫ് കൊമേഷ്യൽ ഡയറി ഫാംസ് എന്ന ഘടക പദ്ധതിയിൽ ആധുനികവത്ക്കരണത്തിനും യന്ത്രവൽക്കരണത്തിനുമായി തുക വകയിരുത്തിയിട്ടുണ്ട്. ശാസ്ത്രീയമായി വാണിജ്യാടിസ്ഥാനത്തിൽ നടത്തിവരുന്ന ഡയറി ഫാമുകൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നു. ഈ വർഷം 13.28 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ